<u>15 -ാം കേരള നിയമസഭ</u>

<u>3 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3312</u> <u>25-10-2021 - ൽ മറുപടിയ്ക്ക്</u>

<u>താമരശ്ശേരി താലൂക്ക്, പാമ്പിഴഞ്ഞപാറ പ്രദേശത്തെ കൈവശക്കാർക്ക് പട്ടയം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | താമരശ്ശേരി താലൂക്ക്, തിരുവമ്പാടി വില്ലേജിലെ പാമ്പിഴഞ്ഞപാറ പ്രദേശത്തെ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | താമരശ്ശേരി താലൂക്ക്, തിരുവമ്പാടി വില്ലേജിലെ പാമ്പിഴഞ്ഞപാറയിലെ കൈവശക്കാർക്ക് ബന്ധപ്പെട്ട നിയമങ്ങളിലേയും, ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി വീട് നിർമ്മിക്കുന്നതിനായി പതിച്ചു നൽകുന്നതിനും അങ്ങനെ നൽകുമ്പോൾ കൈവശക്കാർ അധികഭൂമി സർക്കാരിനു വിട്ടു നൽകുന്നു എന്നുറപ്പാക്കുവാനും സർക്കാരിൽ നിന്നും റവ-ജി 1/37/2021/റവ നം. കത്ത് പ്രകാരം കോഴിക്കോട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പട്ടയവിതരണം എപ്പോൾ നടത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (ബി) | ടി വിഷയത്തിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള തുടർനടപടികൾ കൈക്കൊള്ളുന്നതിന് നിലവിൽ അംഗീകാരത്തിന് ശുപാർശ ചെയ്തിട്ടുള്ള ജില്ലാ ഭൂമി പതിവ് കമ്മിറ്റിയുടെ അംഗീകാരം ലഭിക്കേണ്ടതുള്ളതിനാൽ ടി കമ്മിറ്റി നിലവിൽ വരുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പട്ടയവിതരണത്തിന് അടിയന്തിര നടപടികൾ സ്വീകരിക്കാമോ? | (സി) | ഭൂമി പതിവ് കമ്മിറ്റി നിലവിൽ വന്നയുടൻ തന്നെ പതിവ് കമ്മിറ്റി ചേർന്ന് പതിവ് നടപടികൾ പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ